# ബയോഡാറ്റ

ടീച്ചറുടെ പേര്: ....................................................................................................

വീട്ടുപേര് : ....................................................................................................

പഠിപ്പിക്കുന്ന ക്ലാസ്സ് : ....................................................................................................

ജനനതീയതി : ....................................................................................................

കുടുംബയൂണിറ്റ് : ....................................................................................................

ടെലിഫോൺ നമ്പർ : ....................................................................................................

ഇമെയിൽ: ....................................................................................................

1. ക്ലാസ് ലീഡർ : ................................................................ ഫോൺ: ..................................................

2. ക്ലാസ് ലീഡർ : ................................................................ ഫോൺ: ..................................................

1. പി.ടി.എ. : ................................................................ഫോൺ: ..................................................

2. പി.ടി.എ. : ................................................................ഫോൺ: ..................................................

ഒപ്പ്
വികാരി

ഒപ്പ്
പ്രധാന അധ്യാപകൻ

*(ഗുരുനാഥൻ പ്രൊമോട്ടേഴ്സിന്റെ സന്ദർശനവേളയിൽ ഹാജാരാക്കേണ്ടതാണ്)*




**വിശ്വാസപരിശീലകരുടെ മധ്യസ്ഥനായ**

# വി. ചാൾസ് ബൊറോമിയോ

**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.**

# സന്ദേശം



യേശുവിൽ പ്രിയ വിശ്വാസപരിശീലന അധ്യാപകരെ,

ക്രിസ്തുവിന്റെ തിരുജനനത്തിന്റെ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ പ്രത്യാശയുടെ തീർത്ഥാടകരായി മാറാൻ തിരുസഭ നമ്മെ ആഹ്വാനം ചെയ്യുകയാണ്. വളർച്ചയുടെ കാലഘട്ടത്തിൽ നമ്മുടെ മക്കൾ നേരിടുന്ന പ്രതിസന്ധികൾ അതിജീവിച്ച് പ്രത്യാശയുടെ പാതയിൽ നക്ഷത്രമായി മാറുവാൻ ഉതകുന്ന കർമ്മ പദ്ധതികളാണ് വരാപ്പുഴ അതിരൂപത വിശ്വാസപരിശീലന വിഭാഗം ഈ വർഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. “ഞാൻ പ്രത്യാശയുടെ തീർത്ഥാടകനാണ്” എന്നതാണ് പഠനത്തിനും പരിചിന്തനത്തിനുമായി കുട്ടികൾക്ക് നാം നൽകുന്ന വിഷയം. കുടുംബ ങ്ങളിലും, വിദ്യാലയങ്ങളിലും, പൊതുസമൂഹത്തിലും കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി ദൈവാശ്രയ ബോധത്തോടെയും അടിയുറച്ച വിശ്വാസ ത്തോടെയും അത് തരണം ചെയ്യാൻ കുട്ടികൾക്ക് താങ്ങും തണലുമായി മാറേണ്ടത് വിശ്വാസ പരിശീലകർ ആണ്.

കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും വിശുദ്ധ ഗ്രന്ഥം സ്വന്തം കൈപ്പടയിൽ എഴുതാൻ കുട്ടികളും മാതാപിതാക്കളും അധ്യാപകരും ശ്രമം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം നാം വിശുദ്ധ മർക്കോസിന്റെ സുവിശേഷമാണ് സ്വന്തം കൈപ്പടയിൽ എഴുതുന്നത്. വചനം പഠിക്കാനും, പഠിപ്പിക്കാനും വചനത്തിൽ ജീവിക്കാനും നിങ്ങൾ നടത്തുന്ന പരിശ്ര മങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. നിങ്ങളുടെ മുന്നിൽ എത്തുന്ന കുട്ടികളെ സ്വന്തം മക്കളായി കണ്ട് വിജ്ഞാനവും വിശുദ്ധിയും പകർന്നു കൊടുക്കാൻ അധ്യാപകർ ശ്രമിക്കണം.

ഓരോ ഇടവകയിലും വികാരിയച്ചന്മാരും വിശ്വാസ പരിശീലകരും മാതാപിതാക്കളും ഒരുമിച്ചു ചേർന്ന് പ്രവർത്തിക്കുന്ന അനുഭവം എത്ര അനുഗ്രഹദായകമാണ്. മനോഹരമായ സുവിശേഷ പ്രഘോഷണം തന്നെയാണത്. അതിരൂപതയ്ക്ക് വേണ്ടി നിങ്ങൾ നൽകുന്ന എല്ലാ സേവനങ്ങളെയും ഞാൻ നന്ദിയോടെ ഓർക്കുന്നു. നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
**(വരാപ്പുഴ മെത്രാപ്പോലീത്ത)**

## സന്ദേശം



പ്രിയ മതബോധന അദ്ധ്യാപകരേ,

വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന നിങ്ങൾക്ക് എന്റെ അഭിവാദ്യങ്ങൾ. "എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്നും സത്യജ്ഞാനത്തിലേക്കു വരണമെന്നും നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നു. (1 തിമോത്തി 2:3-4). രക്ഷപ്രാപിക്കുവാനായി നമുക്കു നൽകപ്പെട്ടിരിക്കുന്നത് യേശുനാമമാണ് (അപ്പസ്തോ. 4:12)."ഏക ദൈവമായ പിതാവിനേയും അവിടുന്ന് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ. (യോഹ. 17:3). നിത്യജീവന്റെ പാത നമ്മുടെ ഭാവിതലമുറയ്ക്കു മുൻപിൽ അറിയിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് വിശ്വാസപരിശീലകർ. മാമ്മോദീസ സ്വീകരിച്ചിട്ടുള്ള ഓരോ വ്യക്തിയിലും നിക്ഷിപ്തമായിരിക്കുന്ന പ്രവാചകദൗത്യം ദൈവത്താൽ നിയുക്തരായ നിങ്ങൾ നിർവ്വഹിക്കുമ്പോൾ ഉത്ഥിതനാം കർത്താവ് നമുക്കു നൽകിയിരിക്കുന്ന സുവിശേഷ പ്രഘോഷണദൗത്യം പൂർത്തിയാക്കി എന്ന ആത്മസംതൃപ്തി നിങ്ങൾക്കുണ്ടാവട്ടെ. ഇതുവഴിയായി ഇടവകയിലെ അജപാലകർക്ക് നിങ്ങൾ നൽകുന്ന സഹായം വിലയേറിയതാണ്. 2025-2026 വിശ്വാസ പരിശീലനവർഷം നാം ആരംഭിക്കുമ്പോൾ കൂടുതൽ തീക്ഷ്ണതയോടെ കാര്യങ്ങൾ നിർവ്വഹിക്കുവാൻ പരിശുദ്ധത്രിത്വൈകദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു.

✠**ആന്റണി വാലുങ്കൽ** (വരാപ്പുഴ അതിരൂപത സഹായ മെത്രാൻ)

## സന്ദേശം



മതബോധനം തിരുസഭയുടെ ജീവിതത്തിലും ദൗത്യത്തിലും സുപ്രധാന പങ്കുവഹിക്കുന്നു. മാമ്മോദീസ സ്വീകരിച്ച വിശ്വാസികൾ പക്വമായ ക്രൈസ്തവ വിശ്വാസത്തിൽ ആഴപ്പെടുന്ന സുവിശേഷ പ്രഘോഷണമാണത്. ആയതിനാൽ മതബോധനം വിശ്വാസപരിശീലനമാണ്. 2025 ജൂബിലി വർഷത്തിൽ ഭാരത ലത്തീൻ കത്തോലിക്കാ ബിഷപ് കോൺഫറൻസ് (CCBI) മതബോധന കമ്മീഷന്റെ പേര് **വിശ്വാസപരിശീലന കമ്മീഷൻ** എന്ന് പുനർനാമകരണം ചെയ്തിരിക്കുന്നു. വ്യക്തിയിലും സമൂഹത്തിലും ക്രിസ്തുവിനെ രൂപപ്പെടുത്തുന്ന പ്രക്രിയയാണ് വിശ്വാസപരിശീലനം (Cf. ഗലാ. 4:19) സമൂഹത്തെ കൂടുതൽ ഉറപ്പുള്ള വിശ്വാസത്തിലേക്ക് വിളിക്കുന്ന വചനശുശ്രൂഷയാണ് വിശ്വാസ പരിശീലനം. യാക്കോബ് അപ്പസ്തോലൻ എഴുതുന്നു "പ്രവൃത്തിയില്ലാത്ത വിശ്വാസം അതിൽതന്നെ നിർജീവമാണ്." (2:17) വിശ്വാസവും കാരുണ്യപ്രവൃത്തികളും വിശ്വാസ പരിശീലനത്തിന്റെ ഭാഗമാണ്.

1962 - ആദ്യ കമ്മീഷൻ ഡയക്ടറായി ദൈവദാസൻ മോൺ. ഇമ്മാനുവേൽ ലോപ്പസിനെ ദൈവദാസൻ ജോസഫ് അട്ടിപ്പേറ്റി പിതാവ് നിയമിച്ചു. 90 ഇടവകകളിലും 43 സബ്സ്റ്റേഷൻ യൂണിറ്റുകളിലും ആകെ 133 മതബോധന യൂണിറ്റുകളിലായി ഏകദേശം 30914 കുട്ടികൾ വിശ്വാസപരിശീലനം നേടുന്നു. 2926 അദ്ധ്യാപകരും, ഇടവക സന്ദർശനം നടത്തി വിശ്വാസപരിശീലന കാര്യങ്ങൾക്ക് സഹായിക്കുന്ന 45 പ്രമോട്ടർമാരും, കുട്ടികളുടെ മാനസിക പ്രയാസങ്ങൾക്ക് സഹായിക്കുന്ന 10 മെന്റർമാരും സേവനം ചെയ്യുന്നു. ഈ ജൂബിലി വർഷം കൂടുതൽ വിശ്വാസത്തോടും വചനത്താൽ ജ്വലിക്കുന്ന ഹൃദയത്തോടെയും നമ്മുടെ ക്ലാസ്സുകളിലേക്ക് കടന്നു ചെല്ലാം. കാരുണ്യപ്രവൃത്തികൾ ചെയ്തുകൊണ്ട് കുട്ടികളെ വിശ്വാസത്തിൽ ആഴപ്പെടുത്താം.

**ഫാ. വിൻസെന്റ് നടുവിലപ്പറമ്പിൽ** (വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ)

## മതാദ്ധ്യാപക പ്രതിജ്ഞ

ഞങ്ങളുടെ രക്ഷകനും / ഗുരുവും / സ്നേഹിതനുമായ / ഈശോയെ, /ഞങ്ങളെ മുഴുവനായി / നിന്റെ കരങ്ങളിൽ / സമർപ്പിക്കുന്നു./ നിന്റെ തിരുസഭയിൽ അംഗങ്ങളായിരിക്കുവാൻ / കഴിയുന്നതിനെയോർത്ത്/അഭിമാനിക്കുകയും, / അങ്ങേയ്ക്ക് / നന്ദി പറയുകയും ചെയ്യുന്നു.

തിരുസഭയോടും / സഭയുടെ മേലദ്ധ്യക്ഷനായ / ലെയോ പാപ്പായോടും/മറ്റു സഭാധികാരികളോടുമുള്ള / അനുസരണവും / വിധേയത്വവും / ഞങ്ങൾ ഏറ്റു പറയുന്നു. തിരുവചനവും സഭ പഠിപ്പിക്കുന്ന വിശ്വാസ സത്യങ്ങളും /തിരുസഭാ പ്രബോധനങ്ങളും / വ്യാഖ്യാനങ്ങളും / പൂർണ്ണമായും / ഞങ്ങൾ ഉൾക്കൊള്ളുകയും/ പ്രഖ്യാപിക്കുകയും ചെയ്യുന്നു.

തിരുസഭയിലെ/ വിശ്വാസപരിശീലന അദ്ധ്യാപകരായി / വിളിക്കപ്പെട്ട ഞങ്ങൾ / വിളിക്കനുസരിച്ച് / ജീവിച്ചുകൊള്ളാമെന്നും / ഉത്തരവാദിത്ത്വത്തോടും/ ബോധ്യത്തോടും കൂടെ / വിശ്വാസസത്യങ്ങളും / തിരുവചനവും പഠിപ്പിച്ചു കൊള്ളാമെന്നും പ്രതിജ്ഞ ചെയ്യുന്നു. / പഠിപ്പിക്കുന്നവ വിശ്വസിക്കുവാനും / വിശ്വ സിക്കുന്നവ പരിശീലിക്കുവാനും /വേണ്ട അനുഗ്രഹം / ഞങ്ങൾക്ക് നല്കണമേ.

പരിശുദ്ധ അമ്മേ, / വി. യൗസേപ്പ് പിതാവേ, / ഞങ്ങളുടെ കാവൽ മാലാഖയേ, / വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായേ / ഈ ദൗത്യത്തിൽ / ഞങ്ങളെ സഹായിക്കണമെ. ആമ്മേൻ.

## വിദ്യാർത്ഥികളുടെ പ്രതിജ്ഞ

എന്റെ രക്ഷകനും ഗുരുവും/ സ്നേഹിതനുമായ ഈശോയെ/ വേദപാഠം വഴിയായി/ അങ്ങയെ/ പൂർണ്ണമായി അറിയുന്നതിനും/ സ്നേഹിക്കുന്നതിനും/എന്നെ പഠിപ്പിക്കണമെ / അങ്ങ് എനിക്കു നൽകിയിരിക്കുന്ന /പുത്രസ്ഥാനത്തെ/ അറിഞ്ഞ്/ വിശുദ്ധിയിൽ വളരുന്നതിനും/ എന്നെ സഹായിക്കണമെ. / അങ്ങേ വിശ്വാസം/ എന്നെ പഠിപ്പിക്കുകയും/പരിശീലിപ്പിക്കുകയും/ചെയ്യുന്നതിന്/എന്റെമാതാപിതാക്കളെയും/ ഗുരുക്കന്മാരെയും/ അനുഗ്രഹിക്കണമെ.

ശ്രദ്ധയോടും/ സ്ഥിരോൽസാഹത്തോടും/ മതപാഠ ക്ലാസ്സുകളിൽ പങ്കെടുക്കാമെന്നും/ പഠിച്ച പാഠങ്ങൾ/ ജീവിതത്തിൽ പകർത്തി / സാക്ഷ്യം നൽകാമെന്നും/ അങ്ങനെ അങ്ങയെ അറിയുന്നതിന് പരിശ്രമിക്കാമെന്നും/സഭയോടൊത്തു/ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാമെന്നും / ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പരിശുദ്ധ കന്യകാമറിയമേ/ വിശുദ്ധ യൗസേപ്പിതാവേ/ എന്റെ കാവൽ മാലാഖയേ/ ഈ പുണ്യ കർത്തവ്യത്തിൽ/ എന്നെ സഹായിക്കണമേ. ആമ്മേൻ.

# CATECHISM EXECUTIVE MEMBERS

**Patron**
**Most Rev. Dr. Joseph Kalathiparambil**
Archbishop of Verapoly

---

**Rt. Rev. Dr. Antony Valungal**
Auxiliary Bishop of Verapoly

**Director**
**Rev. Fr. Vincent Naduvilaparambil**
Ashirbhavan, Cochin - 682018
Tel: 9745007651
E-mail: vincentvinu007@gmail.com

| | |
|---|---|
| Office Manager<br>**MR. JOSE N.V**<br>MOB: 9447508816 | Secretary<br>**MR. JOSE DIXON K.X**<br>MOB:9847110510 |
| Office Secretary<br>**MR. CYRUS RODRIGUES**<br>MOB: 8086002288 | Regent Brother<br>**BRO. REMIL AUGUSTINE FERNANDEZ**<br>MOB: 7736009150 |

**Convenors**

| | |
|---|---|
| Teachers Training & Other General Meetings<br>**MR. JUDE C VARGHESE**<br>MOB: 9847848854 | Padanashibiram<br>**MR. JOSEPH CLEMENT**<br>MOB: 9446457702 |
| Media & Public Relation<br>**MR. SIBY JOY**<br>MOB: 9895439775 | Quiz<br>**MR. C.J. ANTONY**<br>MOB: 9895196160 |
| Competition<br>**MR. SIMON PANAKKAL**<br>MOB: 9037280200 | AI & Bible Writing<br>**MR. BENCY MARTIN**<br>MOB: 9656882522 |
| Scholorship Examination<br>**Sr. Jane CSST**<br>MOB: 9048049251 | Mentor Leader<br>**Mrs. Reeta Jackson**<br>MOB: 9746060274 |

**ആശീർഭവനിലെ അതിരൂപത വിശ്വാസപരിശീലന കമ്മീഷൻ ഓഫീസിലെ**

**ഫോൺ നമ്പർ : 8086288848**

# LIST OF PROMOTERS AND MENTORS 2025-2026

**FORANE – 1**

| | |
|---|---|
| MR. JOJO K.C (L) | 9744581728 |
| MR. SIMON JOSE | 9037280200 |
| SR. JANE CSST | 9048049251 |
| MR. VINCENT JOSEPH K | 9497018610 |
| MR. FRANCIS DCRUZ | 9847866776 |
| MRS BESSY JOY ( M) | 9633059092 |

**FORANE-2**

| | |
|---|---|
| SR. SOLY (L) | 9074570959 |
| MR. JUDE C VARGHESE | 9847848854 |
| SR. SANDHYA O.CARM | 7356648884 |
| MR. DENNYSON N.G | 9745044200 |
| MRS. MINI MARIA | 8606739815 |
| MR. DINOY XAVIER (M) | 7012141545 |

**FORANE -3**

| | |
|---|---|
| MRS. REGI ANTONY (L) | 9847202410 |
| MR. PIUS ANTONY P.P. | 9495430545 |
| MR. C.J ANTONY | 9895196160 |
| SR. MEENA ROSE CSM | 7736976509 |
| MRS.TRESA A L | 9562280542 |
| MR. JUSTINE M D (M) | 984781295 |

**FORANE -4**

| | |
|---|---|
| MR. THOMAS C G (L) | 9349280001 |
| MR. BENNY P.J | 9495495211 |
| MR. XAVIER P R | 9447325531 |
| SR. ROSELINE | 8593051553 |
| MRS.REENA TONY | 9446739561 |
| MRS. JANCY TOMY(M) | 9746232195 |

**FORANE – 5**

| | |
|---|---|
| MR. SIBI JOY (L) | 9895439775 |
| MR.ANTONIOUS MANAYIL | 9809012234 |
| MRS. REENA ANTONY | 8281077002 |
| SR. SHANTHINI O.CARM | 6238008430 |
| SR. ASHRITHA CSST | 8593874460 |
| MR. BENNY C J (M) | 9847987747 |

**FORANE – 6**

| | |
|---|---|
| SR. SHEEJA (L) | 9496598771 |
| MR. JOSEPH CLEMENT | 9446457702 |
| MRS.SHEEBA JOSE | 9061881348 |
| MR. JOSEPH K.T. | 9447387481 |
| MR. MARTIN ANCELUM T.C. | 9847407859 |
| MR. ANSON ANTONY (M) | 8075762077 |
| MR. JOSEPH P A (M) | 9895854885 |

**FORANE – 7**

| | |
|---|---|
| MR. PETER CORREYA (L) | 9447435533 |
| MR. VARGHESE K.P | 9567023354 |
| SR. PRINCY CTC | 7736274697 |
| MRS.BLOSOM FELIX | 9747865326 |
| SR. MELVINA CTC | 9895242780 |
| MR. PAUL K X (M) | 8547406439 |

**FORANE -8**

| | |
|---|---|
| MR. RAJESH M R (L) | 9388187454 |
| MR. MARTIN C J | 9895618355 |
| MRS. MERCY EDWIN | 8281672550 |
| MR. XAVIER PRINCE | 9446037763 |
| SR. DIVYA RAPHAEL DHM | 9404149446 |
| MR. AUGUSTINE JOB | 9846097304 |
| MRS.JESSY VARGHESE (M) | 9778061178 |

(L) Leader (M) - Mentor

# വിശ്വാസപരിശീലന കലണ്ടർ 2025-2026

| | |
|---|---|
| ജൂൺ 1 / ക്ലാസ് 1 | വിശ്വാസപരിശീലന വർഷ ഉദ്ഘാടനം |
| ജൂൺ 8 / ക്ലാസ് 2 | അജപാലനശുശ്രൂഷ കോ-ഓർഡിനേറ്റർമാരുടെ സംഗമം |
| ജൂൺ 15 / ക്ലാസ് 3 | സ്കൂൾ ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ്, (ഇടവക തലം)<br>ഐ.സി.ടി.സി. (ബ്രദേഴ്സ് & സിസ്റ്റേഴ്സ്) |
| ജൂൺ 22 / ക്ലാസ് 4 | വിശുദ്ധ കുർബാനയുടെ തിരുനാൾ,<br>തിരുബാലസഖ്യം ഉദ്ഘാടനം |
| ജൂൺ 29 / ക്ലാസ് 5 | അസൈൻമെന്റുകൾ സമർപ്പിക്കേണ്ട ദിവസം |

| | |
|---|---|
| ജൂലൈ 6 / ക്ലാസ് 6 | ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭം |
| ജൂലൈ 13 / ക്ലാസ് 7 | സ്കൂൾ ലീഡേഴ്സ് ട്രെയിനിംഗ് അതിരൂപത തലം |
| ജൂലൈ 20 / ക്ലാസ് 8 | പി.ടി.എ സംഘടന രൂപീകരണം - അതിരൂപത തലം<br>ഇമ്മാനുവൽ ലോപ്പസ് ക്വിസ് രജിസ്ട്രേഷൻ ആരംഭം |
| ജൂലൈ 27 / ക്ലാസ് 9 | ലോഗോസ് ക്വിസ് രജിസ്ട്രേഷൻ അവസാന ദിവസം<br>അസൈൻമെന്റുകൾ സമർപ്പിക്കേണ്ട ദിവസം |

***ജൂൺ, ജൂലൈ മാസത്തിൽ ഇടവകയിൽ PTA രൂപീകരിക്കേണ്ടതാണ്.***

| | |
|---|---|
| ആഗസ്റ്റ് 3 / ക്ലാസ് 10 | വിശുദ്ധ ജോൺ മരിയ വിയാനി,<br>**ദൈവവിളി ദിനം** |
| ആഗസ്റ്റ് 10 / ക്ലാസ് 11 | ആഗസ്റ്റ് 9,10 ഐ.സി.ടി.സി. |
| ആഗസ്റ്റ് 15 | വിശുദ്ധ മർക്കോസിന്റെ സുവിശേഷ സമർപ്പണം (ഇടവകതലം),<br>ഏയ്ഞ്ചൽ മീറ്റ് - സെന്റ് ആൽബർട്സ് കോളേജ് |
| ആഗസ്റ്റ് 17 / ക്ലാസ് 12 | |
| ആഗസ്റ്റ് 24 / ക്ലാസ് 13 | വിശുദ്ധ മർക്കോസിന്റെ സുവിശേഷം എഴുതിയവരുടെ ലിസ്റ്റ് അതിരൂപത ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. |
| ആഗസ്റ്റ് 31 / ക്ലാസ് 14 | അസൈൻമെന്റുകൾ സമർപ്പിക്കേണ്ട ദിവസം |

| | |
|---|---|
| സെപ്ത. 7 | **ഓണാവധി,** വിശുദ്ധ മർക്കോസിന്റെ സുവിശേഷം എഴുതിയവരുടെ സംഗമം - വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ |
| സെപ്ത. 14 / ക്ലാസ് 15 | |
| സെപ്ത. 21 / ക്ലാസ് 16 | |
| സെപ്ത. 28 / ക്ലാസ് 17 | ലോഗോസ് ക്വിസ് പരീക്ഷ - ഇടവകതലത്തിൽ<br>അസൈൻമെന്റുകൾ സമർപ്പിക്കേണ്ട ദിവസം |

# വിശ്വാസപരിശീലന കലണ്ടർ 2025-2026

| | |
|---|---|
| ഒക്ടോ 5<br>**ക്ലാസ് 18** | ഒന്നാം സെമസ്റ്റർ പരീക്ഷ<br>STD IX - XII |
| ഒക്ടോ 12<br>**ക്ലാസ് 19** | ഒന്നാം സെമസ്റ്റർ പരീക്ഷ<br>STD I - VIII |
| ഒക്ടോ 19<br>**ക്ലാസ് 20** | |
| ഒക്ടോ 26<br>**ക്ലാസ് 21** | അസൈൻമെന്റുകൾ<br>സമർപ്പിക്കേണ്ട ദിവസം |

***(മേഖലാ ക്രിസ്മസ് കരോൾ കോമ്പറ്റീഷൻ നവംബർ മാസത്തിൽ നടത്തുക)***

| | |
|---|---|
| ഡിസം. 7<br>**ക്ലാസ് 27** | |
| ഡിസം. 14 | ഉണ്ണീശോയ്ക്കൊരു കത്ത് മത്സരം |
| **ക്ലാസ് 28** | അതിരൂപത ക്രിസ്മസ്<br>കരോൾഗാന മത്സരം |
| ഡിസം. 21<br>**ക്ലാസ് 29** | അസൈൻമെന്റുകൾ<br>സമർപ്പിക്കേണ്ട ദിവസം |
| ഡിസം. 28 | ക്രിസ്മസ് അവധി |

**2026**

| | |
|---|---|
| ജനു. 4<br>**ക്ലാസ് 30** | മോൺ. അംബ്രോസ് അറക്കൽ<br>മെമ്മോറിയൽ ഫുട്ബോൾ<br>ടൂർണ്ണമെന്റ്, സെന്റ് ആൽബർട്സ്<br>കോളേജ് ഗ്രൗണ്ട്, കലൂർ |
| ജനു. 11<br>**ക്ലാസ് 31** | |

| | |
|---|---|
| നവം 2 | വചനമത്സരം<br>(Sunday Care to STD IV) |
| **ക്ലാസ് 22** | വിശുദ്ധ ചാൾസ് ബെറോമിയോ<br>ദിനം |
| നവം 9<br>**ക്ലാസ് 23** | വിശ്വാസപരിശീലനവാരം<br>ആരംഭം |
| നവം 16<br>**ക്ലാസ് 24** | ഇമ്മാനുവൽ ലോപ്പസ്<br>ക്വിസ് (ഇടവകതലം) |
| നവം 23<br>**ക്ലാസ് 25** | ക്രിസ്തുരാജന്റെ തിരുനാൾ |
| നവം 30<br>**ക്ലാസ് 26** | അസൈൻമെന്റുകൾ<br>സമർപ്പിക്കേണ്ട ദിവസം |

| | |
|---|---|
| ജനു. 18<br>**ക്ലാസ് 32** | |
| ജനു. 25<br>**ക്ലാസ് 33** | അസൈൻമെന്റുകൾ<br>സമർപ്പിക്കേണ്ട ദിവസം |

| | |
|---|---|
| ഫെബ്രു. 1<br>**ക്ലാസ് 34** | രണ്ടാം സെമസ്റ്റർ പരീക്ഷ<br>IX - XIII |
| ഫെബ്രു. 8<br>**ക്ലാസ് 35** | തിരുബാലസഖ്യ ദിനം<br>Commission for Children Day |
| ഫെബ്രു. 15<br>**ക്ലാസ് 36** | രണ്ടാം സെമസ്റ്റർ പരീക്ഷ<br>I - VIII |

| | |
|---|---|
| മാർച്ച് 9 | ആദ്യ കുർബ്ബാന സ്വീകരണം,<br>സ്ഥൈര്യലേപന അദ്ധ്യാപകരുടെ<br>പരിശീലനം |

## 2025 - 2026 അധ്യയന വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

- ഗുരുനാഥൻ മതാധ്യാപകർക്കുള്ള മാർഗനിർദേശങ്ങളും പഠനസഹായിയുമാണ്. ഓരോ ടീച്ചറിനും സ്വന്തമായി ഗുരുനാഥൻ ബുക്ക് ഉണ്ടായിരിക്കണം. പ്രൊമോട്ടേഴ്സ് സന്ദർശനത്തിന് വരുമ്പോൾ എല്ലാവരും ഇത് ഹാജരാക്കേണ്ടതാണ്. ഗുരുനാഥനിൽ രണ്ട് പേജുകൾ CEP ക്കായി നൽകിയിട്ടുണ്ട്. ഓരോ കുട്ടിയുടെയും പഠനസംബന്ധമായ കാര്യങ്ങൾ കൃത്യമായും വൃത്തിയായും ഇതിൽ എഴുതി സൂക്ഷിക്കണം.
- 2025 ജൂബിലി വർഷമായാണ് തിരുസഭ ആചരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ വർഷത്തെ പഠനഭാഗവും ലോഗോയും നാം തയ്യാറാക്കിയിരിക്കുന്നത്. ലോഗോയും ആപ്തവാക്യവും വിശ്വാസികൾ കാണുന്ന രീതിയിൽ ദേവാലയത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
- എല്ലാ അധ്യാപകരും ക്ലാസുകൾക്ക് വേണ്ടി പ്രാർഥിച്ച് ഒരുങ്ങണം. ഓരോ പാഠത്തിന്റേയും കണ്ടന്റ് കൃത്യമായി കുട്ടികൾ മനസ്സിലാക്കണം. ക്ലാസ്സിൽ പാഠപുസ്തകം ഉപയോഗിക്കാതെ ക്രിയാത്മകമായി ക്ലാസ്സ് എടുക്കണം. കുട്ടികൾ പാഠഭാഗങ്ങളിൽനിന്ന് വായിക്കാൻ ഹോം വർക്കുകൾ കൊടുക്കണം.
- ഈ വർഷവും **വി. യോഹന്നാന്റെ സുവിശേഷമാണ്** നാം വിചിന്തിനത്തിനും പഠനത്തിനുമായി തിരഞ്ഞെടുത്തിരിക്കുന്നത്.
- ആഗസ്റ്റ് മാസത്തിൽ ദൈവവിളി പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ആഗസ്റ്റ് 15 ന് നടക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ സംഗമത്തിൽ (Angels Meet) ഇടവകയിൽ നിന്നും കുട്ടികളെ പങ്കെടുപ്പിക്കണം.
- സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ കുട്ടികളുടെയും അധ്യാപക രുടെയും കലാപരമായ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനായി ഇടവക തലത്തിൽ **എക്സിബിഷൻ** സംഘടിപ്പിക്കണം. ഒക്ടോബർ മാസത്തിൽ ഉചിതമായ രീതിയിൽ **മിഷൻ പ്രവർത്തനങ്ങൾ നടത്തണം.**
- നവംബർ മാസം പഴയ പേപ്പറുകൾ വീടുകളിൽ നിന്ന് ശേഖരിച്ച് ആവശ്യക്കാർക്ക് ബൈബിൾ സൗജന്യമായി വിതരണം നടത്തുന്ന **ഫിയാത്ത് മിഷൻ** (ഫോൺ: 8606963035) സംഘടനക്കായി സംഭാവന നൽകണം.
- ഡിസംബർ മാസത്തിൽ മിഷൻ കേന്ദ്രങ്ങളിലേക്ക് നൽകുന്നതിനായി വസ്ത്രങ്ങൾ ശേഖരിച്ച് നൽകുന്നു. ഈ അധ്യയന വർഷത്തിൽ സൗകര്യപ്രദമായ ഒരു ദിവസം കുട്ടികൾ അനാഥ അഗതി മന്ദിരങ്ങൾ സന്ദർശിക്കുകയും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും വേണം.
- ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് ക്വിസ്, ലോഗോസ് ക്വിസ്, ലസ്തോറിയ ക്വിസ്, എന്നിവയിൽ പരമാവധി പങ്കാളിത്തം ഉറപ്പു വരുത്തുക.
- ഓരോ മാസത്തിലേയും ഞായർ ഒഴികെയുള്ള ഒരുദിവസം ഓരോ ക്ലാസിലേയും കുട്ടികളും ടീച്ചറും ഒരുമിച്ചുചേർന്ന് ദിവ്യബലിയിലും ആരാധനയിലും പങ്കെടുക്കുകയും കുമ്പസാരിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

# 2025 - 2026 അധ്യയന വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

- മുൻവർഷങ്ങളിൽ ഓരോ ആഴ്ചയിലും അതിരൂപത മതബോധന കേന്ദ്രത്തിൽ നിന്നും നൽകിയിരുന്ന വചനഭാഗങ്ങൾ കുട്ടികൾ ആവേശപൂർവ്വം പഠിച്ചിരുന്ന കാര്യം ഓർക്കുമല്ലോ. ഈ വർഷവും കുറഞ്ഞത് 10 വചനങ്ങൾ എങ്കിലും കുട്ടികൾ കാണാതെ പഠിക്കേണ്ടതാണ്.
- ഒൻപതാം ക്ലാസു മുതലുള്ള കുട്ടികളുടെ അസൈൻമെന്റുകൾ എല്ലാ മാസത്തേയും അവസാന ഞായറാഴ്ച വാങ്ങി പരിശോധിച്ച് മാർക്കുകൾ രേഖപ്പെടുത്തണം. അസൈൻമെന്റിനുള്ള ചോദ്യങ്ങൾ അതിരൂപത കേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.
- ഈ വർഷവും പാഠഭാഗങ്ങൾ ആഴത്തിൽ മനസിലാക്കി പഠിപ്പിക്കുന്നതിനായി ടീച്ചേഴ്സിന് ഒരു **ഹാൻഡ്ബുക്ക്** തയ്യാറാക്കി നൽകുകയാണ്. ഓരോ പാഠവും രണ്ട് ഞായറാഴ്ചകൾ കൊണ്ടാണ് പഠിപ്പിച്ചു തീർക്കേണ്ടത്. ഓരോ പാഠ ത്തിലെയും പ്രധാന ഭാഗങ്ങൾ രണ്ടായി വിഭജിച്ച് ടീച്ചിംഗ് നോട്ട് ക്രമീകരിക്കണം. പാഠത്തിന്റെ ലക്ഷ്യത്തിൽ സൂചിപ്പിക്കുന്ന മനോഭാവം കുട്ടിയിൽ രൂപപ്പെടേണ്ട തീരുമാനമോ ശീലങ്ങളോ ആണ്. ഓരോ പാഠത്തിലെയും ഈ മനോഭാവം കുട്ടികൾക്ക് വിശദമാക്കി കൊടുക്കണം അത് അവരുടെ തീരുമാനം ആക്കി മാറ്റണം. അടുത്ത ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കുകയും വേണം.
- 11,12,13 ക്ലാസിലെ കുട്ടികൾക്ക് വേണ്ടി **പാഠ്യേതര പ്രവർത്തനങ്ങൾ (Extra Curricular Activities)** ഓരോ മാസവും ടീച്ചന്മാരും കുട്ടികളും ചേർന്ന് ചർച്ച ചെയ്ത് നടത്തേണ്ടതാണ്.

**പ്രത്യാശയുടെ പൂന്തോട്ടം**

വികാരിയച്ചന്റെ അനുവാദത്തോടെ അധ്യാപകരും കുട്ടികളും ചേർന്ന് ഓരോ ഇടവകകളിലും പ്രത്യാശയുടെ പൂന്തോട്ടം ഒരുക്കേണ്ടതാണ്.

**Home Catechetics**

മാസത്തിൽ ഒരു ദിവസം ക്ലാസിലെ ഏതെങ്കിലും ഒരു കുട്ടിയുടെ ഭവനത്തിൽ അതാത് ക്ലാസ് ടീച്ചറും കുട്ടികളും എത്തിച്ചേർന്ന് അവിടെ പതിവുക്ലാസ് നടത്തുന്നു. കുടുംബങ്ങളെ അറിയാനും പഠിക്കാനുമായി ഹോം കാറ്റിക്കിസം ഓരോ ഇടവകയുടെയും പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്റെ അനുവാദ ത്തോടെ മാത്രം ചെയ്യുക.

**വിശ്വാസോത്സവം**

അവധിക്കാലത്ത് കുട്ടികൾക്കായി ഒരുക്കുന്ന വചനാധിഷ്ഠിത പരിശീലന ക്യാമ്പിന്റെ ഒരുക്കങ്ങൾ മുൻകൂട്ടി നടത്തണം. തിയതിയും മാർഗരേഖകളും നിർദേശങ്ങളും മുൻകൂട്ടി നൽകുന്നതാണ്.



ദൈവദാസൻ
**MSGR. EMMANUEL LOPEZ MEMORIAL**
**ബൈബിൾ ക്വിസ് 2026**

ബൈബിളിൽ നിന്ന് ഏറ്റവും കൂടുതൽ വചനം കാണാപാഠം
പഠിച്ച് രണ്ടു മണിക്കൂറിൽ എഴുതുന്ന

## 10 മതബോധന വിദ്യാർത്ഥികൾക്കും 10 അല്മായർക്കും

**₹ 10,000 രൂപ വീതം സമ്മാനം**

(പുസ്തകം, അദ്ധ്യായം, വാക്യം എന്നിവ എഴുതണം)

പരീക്ഷ തീയതികൾ

**ഇടവകതലം: 2025 നവംബർ 16, 2:00 pm- 4:00 pm**

**അതിരൂപതാതലം: 2026 ഏപ്രിൽ 19, 10:00 am**

**രജിസ്ട്രേഷനുള്ള അവസാന തീയതി : 19.10.2025 | രജിസ്ട്രേഷൻ ഫീസ്: 20 രൂപ**

---

## ലോഗോസ് ക്വിസ് 2025

**ന്യായാധിപന്മാർ 11 – 21 | ലൂക്കാ 17 – 24**
**പ്രഭാഷകൻ 41 – 50 | എഫേസോസ് 1 – 6**

**പരീക്ഷാ തീയതി**

രൂപതാതലം: 2025 സെപ്റ്റംബർ 28
ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ
സംസ്ഥാനതലം നവംബർ 9
മെഗാ ഫൈനൽ നവംബർ 22 – 23

രജിസ്ട്രേഷൻ ആരംഭിക്കുന്നത് : 2025 ജൂൺ 01
രജിസ്ട്രേഷൻ അവസാനിക്കുന്നത് : 2025 ജൂലൈ 31

---

## ലസ്തോറിയ

**പഠനഭാഗം : അടിവേരുകൾ 12 അധ്യായങ്ങൾ**

**രജിസ്ട്രേഷൻ – 2025 നവംബർ 10**
**അതിരൂപതതലം – 2025 ഡിസംബർ 07**
**സംസ്ഥാന തലം– 2026 ഫെബ്രുവരി 08**

---

## സ്കോളർഷിപ്പ് എക്സാം

**അതിരൂപതതലം : 2026 ഏപ്രിൽ**
**സംസ്ഥാന തലം : 2026 മെയ്**

# ചുമതലകൾ

## ഹെഡ്മാസ്റ്റർ

ഇടവകയിലെ വിശ്വാസപരിശീലന കാര്യങ്ങളിൽ വികാരിയച്ചനും കൊച്ചച്ചനും കഴിഞ്ഞാൽ ഏറ്റവും ഉത്തരവാദിത്വമുള്ള വ്യക്തി ഹെഡ്മാസ്റ്റർ ആണ്. അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഹെഡ്മാസ്റ്റർ വികാരിയച്ചനുമായി കൂടിയാലോചിച്ചതിനുശേഷം ഇടവകയിലെ വിശ്വാസപരിശീലന കാര്യങ്ങൾ രൂപപ്പെടുത്തുക.

1. വികാരിയച്ചനുമായി ആലോചിച്ചു മാത്രം കാര്യങ്ങൾ നടപ്പാക്കുക. വികാരിയച്ചന്റെ അറിവും സമ്മതവും കൂടാതെ ഇടവകയിലെ വിശ്വാസപരിശീലന കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പാടില്ല
2. ഇടവകയിലെ വിശ്വാസപരിശീലന യൂണിറ്റിനെ വിശ്വാസത്തിലും ഐക്യത്തിലും സ്നേഹത്തിലും നയിക്കേണ്ടത് പ്രധാന അധ്യാപകന്റെ പ്രഥമ ചുമതലയാണ് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പക്ഷം വികാരിയച്ചനെ അറിയിച്ച് ഉചിതമായ നടപടികൾ എടുക്കുക.
3. വിശ്വാസപരിശീലകരെ എല്ലാവരെയും ഒരുമിച്ചു നിർത്തുകയും അവരുമായി കാര്യങ്ങൾ ആലോചിക്കുകയും സമയാസമയങ്ങളിൽ എല്ലാ കാര്യങ്ങളും അവരെ അറിയിക്കുകയും ചെയ്യുക.
4. അതിരൂപതയിൽ നിന്നും നിർദ്ദേശിക്കുന്ന കർമ്മപരിപാടികൾ എല്ലാ അധ്യാപകരും നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
5. കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ **പോക്സോ** നിയമത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ ബഹുമാനപ്പെട്ട വികാരിയച്ചനെ അറിയിക്കുകയും നിയമാനുസൃതം കൈകാര്യം ചെയ്യേണ്ടതുമാണ്.
6. അതിരൂപത വിശ്വാസപരിശീലന കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും വ്യത്യസ്തമായി ഇടവകയിൽ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.
7. വിദ്യാർത്ഥികൾ മാസാമാസം കുമ്പസാരിക്കുന്നതിന് ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്.
8. പിടിഎയുമായി വളരെ അടുത്ത ബന്ധം പുലർത്തുകയും യൂണിറ്റിലെ വിശ്വാസപരിശീലന സ്ഥിതിഗതികൾ അവരെ അറിയിക്കുകയും ചെയ്യുക.
9. അതിരൂപത വിശ്വാസപരിശീലന കേന്ദ്രം സംഘടിപ്പിക്കുന്ന യോഗങ്ങളിലും മറ്റു സെമിനാറുകളിലും നിർബന്ധമായും പങ്കെടുക്കുക.
10. അതിരൂപത കേന്ദ്രവുമായി അടുത്ത ബന്ധം പുലർത്തുക.

11. മേഖലാ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും അജപാലക ഡയറക്ടറുടെ നിർദ്ദേശങ്ങൾ അനുസരിക്കുകയും ചെയ്യുക.

12. അധ്യാപകരെല്ലാവരും ടീച്ചിങ് നോട്ട്സ് തയ്യാറാക്കുന്നുണ്ട് എന്നുള്ള കാര്യം ഉറപ്പുവരുത്തുക.

13. എല്ലാ അധ്യാപകരും നിർബന്ധമായും ടീച്ചിംഗ് എയ്ഡ്സ് ഉപയോഗിച്ച് ക്ലാസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

14. അസംബ്ലി ഏറ്റവും സജീവമായും അച്ചടക്കത്തോടെയും സംഘടിപ്പിക്കുക. അധ്യാപകരുടെയും കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക.

15. പരീക്ഷാ സംബന്ധമായ കാര്യങ്ങളെക്കുറിച്ചും മറ്റും അധ്യാപകരെയും വിദ്യാർത്ഥികളെയും മുൻകൂട്ടി അറിയിക്കുക.

16. പ്രൊമോട്ടർമാർ സന്ദർശനത്തിന് വരുമ്പോൾ അവരെ വേണ്ടവിധം സ്വീകരിക്കുകയും അവരോട് സഹകരിക്കുകയും അവർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യുക.

17. ഹെഡ്മാസ്റ്റർമാരുടെ ഔദ്യോഗിക കാലാവധി മൂന്നുവർഷം ആയിരിക്കും തീരെ ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ വികാരിയച്ചനും അധ്യാപകരും കൂട്ടായി ആലോചിച്ച് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാം. ഈ കാര്യം അതിരൂപത ഡയറക്ടറുമായി ആലോചിക്കുന്നത് അഭികാമ്യമായിരിക്കും.



## അസിസ്റ്റന്റ് ഹെഡ്മാസ്റ്റർ

എല്ലാ വിശ്വാസപരിശീലന യൂണിറ്റുകളിലും ഹെഡ്മാസ്റ്ററെ സഹായിക്കുവാൻ ഒരു അസിസ്റ്റന്റ് ഹെഡ്മാസ്റ്റർ ഉണ്ടായിരിക്കണം.

## സെക്രട്ടറിമാരുടെ ചുമതലകൾ

1. വികാരിയച്ചന്റെ/ ഹെഡ്മാസ്റ്ററുടെ നിർദ്ദേശാനുസരണം സെക്രട്ടറി യോഗങ്ങൾ വിളിച്ചു കൂട്ടുകയും റിപ്പോർട്ടുകൾ എഴുതി സൂക്ഷിക്കുകയും ചെയ്യണം

2. ക്ലാസ് രജിസ്റ്റർ, അധ്യാപക രജിസ്റ്റർ, കോമൺ രജിസ്റ്റർ, ഫയലുകൾ എന്നിവ കൃത്യമായും ഭംഗിയായും സൂക്ഷിക്കുക.

3. യൂണിറ്റിന് ആവശ്യമായ ടി.സി, പ്രോഗ്രസ് കാർഡ്, ടീച്ചിങ് നോട്ട്സ്, അറിയിപ്പുകൾ, റിപ്പോർട്ട് പുസ്തകങ്ങൾ തുടങ്ങിയവ സൂക്ഷിക്കുക,

4. വിശ്വാസപരിശീലന വിഭാഗത്തിന്റെ പേരിൽ യൂണിറ്റിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും പരിപാടികളും റിപ്പോർട്ട് ആയി നാൾവഴി എഴുതി സൂക്ഷിക്കണം.

5. അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന കത്തുകളും നിർദ്ദേശങ്ങളും പകർപ്പ്, ഫയലുകളായി സൂക്ഷിക്കേണ്ടതാണ്.

6. ഓരോ അധ്യാപകയോഗത്തിന്റെയും മിനിറ്റ്സ് എഴുതുകയും പ്രവർത്തന റിപ്പോർട്ട് അടുത്ത യോഗത്തിൽ വായിച്ച് അംഗീകാരം തേടേണ്ടതും ആണ്.

## ട്രഷററുടെ ചുമതലകൾ

വിശ്വാസപരിശീലന ശുശ്രൂഷകളുടെ വരവ് ചെലവ് കണക്കുകൾ, പി.ടി.എയുടെ വരവു ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും മാസാ മാസങ്ങളിൽ അവതരിപ്പിക്കുകയും വാർഷികത്തോടനുബന്ധിച്ച് കണക്ക് അവ തരണം നടത്തി വികാരിയച്ചന്റെ അംഗീകാരം തേടേണ്ടതുമാണ്.

## അധ്യാപകരുടെ ചുമതലകൾ

1. ദൈവം ഓരോ വർഷവും ഏൽപ്പിച്ചിരിക്കുന്ന കുട്ടികളെ വിശ്വാസത്തിൽ നയിക്കുന്നതിന് പ്രാർത്ഥനയോടെ, വിശ്വാസത്തോടെ, ഒരുക്കത്തോടെ, വിശ്വാസ പരിശീലന ക്ലാസുകളിൽ വരേണ്ടത് വിശ്വാസപരിശീലകരുടെ പ്രധാന ഉത്തര വാദിത്വമാണ്.

2. പാഠപുസ്തകങ്ങൾ അധ്യാപകർക്ക് പരിശീലന സഹായിയാണ്. പാഠങ്ങൾ വായിച്ച് ഒരുങ്ങി കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിൽ പാഠാവതരണം നടത്തേണ്ടതാണ്.

3. വിശുദ്ധ ബൈബിളിന് പ്രാധാന്യം കൊടുത്തുകൊണ്ട് കുഞ്ഞുങ്ങളെ വചനം പഠിപ്പിക്കുക

4. വിശ്വാസപരിശീലന കമ്മീഷന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി വികാരിയ ച്ചന്റെയും പ്രധാന അധ്യാപകന്റെയും നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ക്ലാസു കൾ നയിക്കേണ്ടതാണ്.

5. കുട്ടികളെ അവരായിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കുകയും ബഹുമാനി ക്കുകയും കരുതലോടെ നയിക്കുകയും സത്യവിശ്വാസം പഠിപ്പിക്കുകയും ചെയ്യേ ണ്ടതാണ്.

6. അധ്യാപകർക്ക് പോക്സോ നിയമത്തെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിരി ക്കണം.

7. കുട്ടികളെ ഒരു രീതിയിലും ശാരീരികമായോ മാനസികമായോ കളിയാക്കുകയോ, പീഡിപ്പിക്കുകയോ, ചെയ്യാൻ പാടില്ല.

8. എല്ലാ മാസവും തന്റെ ക്ലാസിലെ കുട്ടികൾ കുമ്പസാരിക്കുകയും ഞായ റാഴ്ചകളിൽ വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

9. അനുദിന ദിവ്യബലിയിൽ പങ്കെടുക്കുവാനും കൂദാശ സ്വീകരിക്കുവാനും പരിശ്ര മിക്കുക.

10. തന്നെ ഏൽപ്പിച്ചിരിക്കുന്ന കുട്ടികളുടെ ഭവനം സന്ദർശിക്കുകയും മാതാപിതാ ക്കളുമായി നല്ല ബന്ധം പുലർത്തുകയും ചെയ്യുക.

11. എല്ലാ കുട്ടികളും വിശുദ്ധ ബൈബിളും, ടെക്സ്റ്റ് ബുക്കും എല്ലാ ആഴ്ചകളിലും കൊണ്ടുവരുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

12. കുട്ടികൾ വർക്ക് ബുക്ക് /അസൈൻമെന്റ്, സി ഇ പി തുടങ്ങിയ കാര്യങ്ങൾ കൃത്യമായി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

13. മാസത്തിലെ ഞായറാഴ്ച ഒഴികെയുള്ള ഒരു ദിവസം വിശ്വാസപരിശീലന അധ്യാപകർ തങ്ങളുടെ ക്ലാസിലെ കുട്ടികളുമായി ഒരുമിച്ചുചേർന്ന് വി. കുർബ്ബാനയിൽ പങ്കുചേരണം.

## P.T.A. (അധ്യാപക രക്ഷകർത്തൃ സംഘടന)

1. അധ്യാപകരുടെയും മാതാപിതാക്കളുടെയും കൂട്ടായ്മയിലൂടെ വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ വിശ്വാസ പരിശീലനത്തെ സഹായിക്കുന്ന സമിതിയാണ് P.T.A.

2. P.T.A.യുടെ പ്രസിഡന്റ് വികാരിയച്ചൻ ആയിരിക്കും.

3. ഓരോ ക്ലാസിൽ നിന്നും മാതാപിതാക്കളിൽ നിന്ന് രണ്ട് പ്രതിനിധികളെ തിരഞ്ഞെടുക്കുകയും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ നിന്നും ഒരാളെ പിടിഎയുടെ **കൺവീനറായും** മറ്റൊരാളെ പിടിഎയുടെ സെക്രട്ടറിയായും തെരഞ്ഞെടുക്കേണ്ടതാണ്.

4. വിശ്വാസപരിശീലന യൂണിറ്റിന്റെ ട്രഷറർ തന്നെയായിരിക്കും പിടിഎയുടെ ട്രഷറർ.

5. തെരഞ്ഞെടുക്കപ്പെടുന്ന പിടിഎ ഭാരവാഹികൾ ക്രൈസ്തവ വിശ്വാസം ഉള്ളവരും മാതൃകാ ജീവിതം നയിക്കുന്നവരും ആയിരിക്കണം.

6. മൂന്നു മാസത്തിലൊരിക്കലെങ്കിലും പിടിഎ എക്സിക്യൂട്ടീവ് യോഗം ചേരുകയും വിശ്വാസ പരിശീലനരംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആണ്.

7. വിശ്വാസ പരിശീലനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും നൽകേണ്ടത് പിടിഎയുടെ ഉത്തരവാദിത്വമാണ്.

8. ഭവനങ്ങളിൽ വച്ച് നടത്തപ്പെടുന്ന വിശ്വാസപരിശീലന ക്ലാസുകൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാൻ സഹായിക്കുക.

## സ്പിരിച്വൽ ഗൈഡൻസ് (Mentors)

കുട്ടികൾക്കുണ്ടാകുന്ന മാനസികമായ പ്രയാസങ്ങളിൽ സഹായിക്കുന്നതിന് മനഃശാസ്ത്രത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള വ്യക്തികളുടെ സഹായം തേടുക.

| GRADE |
|---|
| A+ - 10 Marks - Outstanding |
| A - 9 Marks - Excellent |
| B+ - 8 Marks - Very Good |
| B - 7 Marks - Good |
| C+ - 6 and below - Average |

| CATEGORY | |
|---|---|
| Less than 100 - | A |
| 101 -250 - | B |
| 251 - 400 - | C |
| 401 and above - | D |

## ടീച്ചിംഗ് നോട്ട്

## ജീവിതാനുഭവ വ്യാഖ്യാനരീതി (Sign Method)

മതബോധനത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മനുഷ്യാധിഷ്ഠിത സമീപനത്തിന്റെ (Anthropological Approach) പശ്ചാത്തലത്തിൽ ജീവിതാനുഭവ വ്യാഖ്യാന രീതിയിലുള്ള (Sign Method) അദ്ധ്യാപന രീതിയാണ് നാം സ്വീകരിച്ചിരിക്കുന്നത്. നിരന്തര മൂല്യനിർണ്ണയ ത്തിനു സഹായകമായ വിധത്തിൽ പരിഷ്കരിച്ചതാണ് ഈ മാതൃക. ഈ രീതിയിലുള്ള അദ്ധ്യാപനത്തിന് 7 ഘട്ടങ്ങൾ ഉണ്ട്. ഓരോ പാഠവും ഇതനുസരിച്ചു സജ്ജമാക്കുക.

1. പാഠലക്ഷ്യം a) സന്ദേശം b) മനോഭാവം
2. ബോധനോപാധികൾ
3. പാഠസജ്ജീകരണം
4. പാഠാവതരണം
5. ആന്തരീകരണം
6. ആവർത്തനം
7. പ്രവർത്തനം

**1. പാഠലക്ഷ്യം:** ഓരോ പാഠത്തിനും ഓരോ ലക്ഷ്യമുണ്ട്. ഒരു സന്ദേശം നൽകി പഠിതാവിന്റെ മനോഭാവത്തിൽ മാറ്റം വരുത്തി പ്രവൃത്തിയിലൂടെ പ്രതിഫലിപ്പിക്കുകയാണ് ലക്ഷ്യം. രണ്ടു ഭാഗങ്ങളാണ് പാഠലക്ഷ്യം ഉൾക്കൊള്ളുന്നത്.

a) **പാഠസന്ദേശം:** പ്രാർത്ഥനാപൂർവ്വം പാഠഭാഗം മനസ്സിരുത്തി വായിച്ച് പാഠലക്ഷ്യം കണ്ടെത്തി, ആ ലക്ഷ്യം നേടാൻ ഉചിതമായ സന്ദേശം നൽകുക.

b) **മനോഭാവം:** ലഭിച്ച സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഠിതാവിന്റെ ചിന്തയിലുണ്ടാകേണ്ട മാറ്റം.

**2. ബോധനോപാധികൾ:** പാഠസന്ദേശം ലളിതമായി പഠിതാവിന്റെ മനസ്സിൽ പതിയുന്നതിന് സഹായകമായ ആകർഷകവും ജീവിതബന്ധിയുമായ ബോധന സഹായികൾ (വിശുദ്ധ ഗ്രന്ഥം, ചാർട്ടുകൾ, ചിത്രങ്ങൾ, ഉപകരണങ്ങൾ മുതലായവ)

**3. പാഠസജ്ജീകരണം:** പാഠാവതരണത്തിനുള്ള തയ്യാറെടുപ്പാണ് പാഠസജ്ജീകരണം.

മുന്നറിവു പരിശോധന: മുന്നറിവു പരിശോധനയ്ക്ക് കൊടുക്കുന്ന പ്രവർത്തനങ്ങൾ, ഉപയോഗിക്കുന്ന കഥകൾ, ജീവിതാനുഭവങ്ങൾ, സംഭവങ്ങൾ എന്തെല്ലാമെന്ന് നിശ്ച യിക്കുന്നു. പാഠം ഉൾക്കൊള്ളുവാനുള്ള പശ്ചാത്തലം ഒരുക്കുക വഴി പാഠവിഷയത്തി ലേക്ക് കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുകയാണ് ലക്ഷ്യം.

**4. പാഠാവതരണം:** പാഠത്തിന്റെ ഉള്ളടക്കം സമയത്തിന്റെ ലഭ്യത അനുസരിച്ചു പ്രധാനാശയങ്ങൾ നഷ്ടപ്പെടാതെ വിശകലനം ചെയ്യുന്നു. അവതരണം പ്രവർത്തനോന്മുഖവും ജീവിതബന്ധിയുമാകാൻ ശ്രമിക്കണം.

**5. ആന്തരീകരണം:** പഠിപ്പിച്ച പാഠത്തിന്റെ സന്ദേശം ഒരു പ്രാർത്ഥനയുടെ സഹായത്തോടെ കുട്ടികളിൽ സന്നിവേശിപ്പിക്കുകയാണ് ആന്തരീകരണം കൊണ്ടുദ്ദേ ശിക്കുന്നത്. (അനുയോജ്യമായ ഒരു ബൈബിൾ വാക്യം കൂടി ഉൾപ്പെടുത്തുന്നത് കൂടു തൽ നല്ലത്. മനോഭാവത്തിൽ വരേണ്ട മാറ്റം സൂചിപ്പിക്കുന്നത് ഉചിതം)

**6. ആവർത്തനം:** പഠിപ്പിച്ച ഭാഗങ്ങൾ പഠിതാവിന്റെ മനസ്സിൽ പതിഞ്ഞു എന്ന് ചോദ്യ ങ്ങൾ ചോദിച്ച് ഉറപ്പുവരുത്തുന്നു.

**7. പ്രവർത്തനം:** ലഭിച്ച സന്ദേശത്തിന്റെ വെളിച്ചത്തിൽ, പഠിതാവിന്റെ ചിന്തയിലുണ്ടായ മാറ്റം (മനോഭാവം) പ്രവൃത്തിയിലൂടെ പ്രതിഫലിക്കണം. നിരന്തര മൂല്യനിർണ്ണയം ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രായോഗിക പ്രവർത്തനങ്ങളാണ് നൽകേണ്ടത്.

ഡയറക്ടർ

# FIRST SEMESTER STUDENTS EVALUATION

| No. | Name | | Work Book - 1 / Assignment - 1 | | | | Chapter - 1 Mark / Chapter - 1.5 Mark | | | 10 ദൈവവചനം | CEP | വിശുദ്ധ കുർബ്ബാനയെ പ്പറ്റിയുള്ള പഠനം | ബൈബിൾ ഭാഗം | പരീക്ഷ | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | IX-XII | 1 | 2 | 3 | 4 | | | 6 | 5 | 5 | 4 | 5 | 25 | 50 |
| | | I-VIII | 1 | 2 | 3 | 4 | 5 | 6 | | | | | | | |
| 1 | | | | | | | | | | | | | | | |
| 2 | | | | | | | | | | | | | | | |
| 3 | | | | | | | | | | | | | | | |
| 4 | | | | | | | | | | | | | | | |
| 5 | | | | | | | | | | | | | | | |
| 6 | | | | | | | | | | | | | | | |
| 7 | | | | | | | | | | | | | | | |
| 8 | | | | | | | | | | | | | | | |
| 9 | | | | | | | | | | | | | | | |
| 10 | | | | | | | | | | | | | | | |
| 11 | | | | | | | | | | | | | | | |
| 12 | | | | | | | | | | | | | | | |
| 13 | | | | | | | | | | | | | | | |
| 14 | | | | | | | | | | | | | | | |
| 15 | | | | | | | | | | | | | | | |
| 16 | | | | | | | | | | | | | | | |
| 17 | | | | | | | | | | | | | | | |

# SECOND SEMESTER STUDENTS EVALUATION

| No. | Name | | Work Book - 1 Chapter - 1 Mark / Assignment - 1 Chapter - 1.5 Mark | | | | | | | 10 ദൈവവചനം | CEP | വിശുദ്ധ കുര്‍ബ്ബാനയെ പ്പറ്റിയുള്ള പഠനം | സങ്കീ. 23 | പരീക്ഷ | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | IX-XII | 1 | 2 | 3 | 4 | | | | | | | | | |
| | | I-VIII | 1 | 2 | 3 | 4 | 5 | 6 | 6 | 5 | 5 | 4 | 5 | 25 | 50 |
| 1 | | | | | | | | | | | | | | | |
| 2 | | | | | | | | | | | | | | | |
| 3 | | | | | | | | | | | | | | | |
| 4 | | | | | | | | | | | | | | | |
| 5 | | | | | | | | | | | | | | | |
| 6 | | | | | | | | | | | | | | | |
| 7 | | | | | | | | | | | | | | | |
| 8 | | | | | | | | | | | | | | | |
| 9 | | | | | | | | | | | | | | | |
| 10 | | | | | | | | | | | | | | | |
| 11 | | | | | | | | | | | | | | | |
| 12 | | | | | | | | | | | | | | | |
| 13 | | | | | | | | | | | | | | | |
| 14 | | | | | | | | | | | | | | | |
| 15 | | | | | | | | | | | | | | | |
| 16 | | | | | | | | | | | | | | | |
| 17 | | | | | | | | | | | | | | | |

| ചോദ്യപേപ്പർ മാതൃക | |
|---|---|
| 1. ആഴ്ചതോറും നൽകുന്ന ദൈവവചനഭാഗങ്ങൾ | 5 |
| 2. CEP | 5 |
| 3. Work Book/Assignment | 6 |
| 4 വിശുദ്ധ കുർബ്ബാനയെപ്പറ്റിയുള്ള പഠനം | 4 |
| 5. ബൈബിൾ രചന (FIRST SEM.)/ സങ്കീ. 23 (SECOND SEM.) | 5 |
| 6. സെമസ്റ്റർ പരീക്ഷ | 25 |
| TOTAL MARKS | **50** |

## SYLLABUS

| STD | Lesson | First Semester | Second Semester |
|---|---|---|---|
| I-X | 1-12 | 1-6 | 7-12 |
| XI-XII | 1-7 | 1-4 | 5-7 |
| YOUCAT | ഭാഗം- ഒന്ന്- "എന്താണ് നാം വിശ്വസിക്കുന്നത്" Pages 2 to 99 | | |

## അസംബ്ലി

- മതബോധന ക്ലാസുകളിലേക്ക് കുട്ടികൾക്ക് ഉത്സാഹത്തോടെ പങ്കെടുക്കാൻ പ്രചോദനം നൽകുന്ന രീതിയിൽ ആകർഷകമായി അസംബ്ലി ക്രമീകരിക്കണം.
- ഇടവകയിലെ എല്ലാ കുട്ടികളേയും അസംബ്ലിയിൽ പങ്കെടുപ്പിക്കണം പൊതുവായ അറിയിപ്പുകളും ഇടവകതലത്തിലും അതിരൂപതതലത്തിലുള്ള നിർദേശങ്ങളും അസംബ്ലിയിൽ നൽകാവുന്നതാണ്.
- 15 മിനിറ്റായി അസംബ്ലി ക്രമീകരിക്കണം.

**അസംബ്ലിയുടെ ക്രമം**

1. പരിശുദ്ധാത്മാവിന്റെ ഗാനം
2. വിദ്യാർത്ഥികളുടെ പ്രതിജ്ഞ
3. വചന പരായണം + വിചിന്തനം
4. ദിവ്യബലി - പഠനം
5. വിശുദ്ധ/വിശുദ്ധനെ പരിചയപ്പെടുത്തൽ
6. സഭാ വാർത്തകൾ
7. അറിയിപ്പുകൾ

*(അസംബ്ലി ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും അച്ചടക്കത്തോടും ഭക്തിയോടും കൂടെ ദേവാലയത്തിൽ പെരുമാറാൻ അധ്യാപകരും കുട്ടികളും ശ്രദ്ധിക്കണം.)*

**മാസത്തിലെ 1, 2, 3 ആഴ്ചകളിൽ വി. കുർബാനയെ പറ്റിയും നാലാമത്തെ ആഴ്ച സഭാ ചരിത്രത്തെ പറ്റിയും അസംബ്ലിയിൽ കുട്ടികളെ പഠിപ്പിക്കേണ്ടതാണ്. പരീക്ഷയ്ക്ക് ഈ വിഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.**